ഉത്തരം

(എ) 36 കേസ്സുകൾ നിലവിലുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി † ചേർത്തിട്ടുണ്ട്.

(ബി) തുടർ നടപടികൾ വിവിധ കോടതികളിൽ നടന്നുവരുന്നു.

(സി) ഭാഗ്യക്കുറി വകുപ്പിൽ ഒരു നിയമ സെൽ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുകയാണ്.

(ഡി) ഡയറക്ടറേറ്റിൽ ഇതിനായി ഒരു പ്രത്യേക വിഭാഗം രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

അവകാശപ്പെടാത്ത ലോട്ടറി സമ്മാനത്തുക

46 [360] ശ്രീ. എ. എ. അസീസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ലോട്ടറികളുടെ നറുക്കെടുപ്പ് ഫലം പ്രഖ്യാപിച്ചിട്ടും സമ്മാനത്തുക അവകാശപ്പെടാത്ത സംഭവങ്ങളുണ്ടോ;

(ബി) ഇപ്രകാരമുള്ള തുക ഗവൺമെന്റ് എപ്രകാരം വിനിയോഗിക്കുന്നു എന്നറിയിക്കാമോ;

(സി) നാളിതുവരെ അവകാശപ്പെടാത്ത എത്ര സമ്മാനത്തുക ഗവൺമെന്റിന്റെ പക്കലുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തിന്റെ ഖജനാവിലേയ്ക്ക് മുതൽ കൂട്ടുന്നു.

(സി) 28,70,03,316 രൂപ (ഇരുപത്തെട്ട് കോടി എഴുപതു ലക്ഷത്തി മൂവായിരത്തി മുന്നൂറ്റി പതിനാറ് രൂപ) ഉണ്ട്.

പിരിഞ്ഞു കിട്ടാനുള്ള കെ.എഫ്.സി. വായ്പ

47 [361] ശ്രീ. കളത്തിൽ അബ്ദുള്ള:
" പി. കെ. കെ. ബാവ:
" സി. മമ്മൂട്ടി:
" ടി. പി. എം. സാഹിർ:
" കെ. എൻ. എ. ഖാദർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) കെ.എഫ്.സി.-യിൽനിന്നും വായ്പ കൊടുത്തിട്ടുള്ളതിൽ എത്ര തുക ഇതുവരെ പിരിഞ്ഞുകിട്ടാനുണ്ട്;

(ബി) ഇത് പിരിച്ചെടുക്കാനുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഈ സംവിധാനത്തിന്റെ പ്രവർത്തനം പര്യാപ്തമാണോ; കുടിശ്ശിക എത്രയുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത പ്രവർത്തനം ഫലപ്രദമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ.എഫ്.സി.-യിൽനിന്നും വായ്പ കൊടുത്തിട്ടുള്ളതിൽ കാലാവധി കഴിഞ്ഞതുൾപ്പെടെ മൊത്തം 1,131 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്; 31-3-2004 വരെയുള്ള കണക്കുകൾ പ്രകാരം ഇതിൽ 584 കോടി രൂപ കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ളതാണ്.

(ബി) കെ.എഫ്.സി.-യുടെ 16 ബ്രാഞ്ച് ഓഫീസുകളിലും റിക്കവറിക്കായി പ്രത്യേകം സെല്ലുകൾ പ്രവർത്തിച്ചുവരുന്നു. ഫീൽഡ് ഓഫീസർമാർക്ക് ഏതാണ്ട് 150 മുതൽ 250 യൂണിറ്റുകൾ വീതം നൽകിയിട്ടുണ്ട്. ഇവർ യഥാസമയം യൂണിറ്റുകളുമായി ബന്ധപ്പെടുകയും തവണകൾ പിരിച്ചെടുക്കുവാൻ വേണ്ട ശ്രമങ്ങൾ നടത്തുകയും ചെയ്യുന്നു. ഈ ശ്രമങ്ങൾ പരാജയപ്പെട്ടാൽ കോർപ്പറേഷൻ സെക്ഷൻ 29, ആർ.ആർ. മുതലായ റിക്കവറി നടപടികൾ സ്വീകരിക്കാറുണ്ട്. വായ്പയുടെ കാലാവധി നീട്ടിക്കൊടുത്തും തവണകൾ പുനഃക്രമീകരിച്ചും അർഹരായ വ്യവസായികളെ സഹായിക്കുന്നുണ്ട്. റിക്കവറി നടപടികൾ പ്രായോഗികമല്ലാത്ത അക്കൗണ്ടുകൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം ക്ലോസ് ചെയ്യുന്നുണ്ട്. ഇതിനു പുറമെ, ഈ വർഷം നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിനായി കോർപ്പറേഷൻ ഒരു എൻ.പി.എ. സെൽ രൂപീകരിച്ചിട്ടുണ്ട്. ഫീൽഡ് ഓഫീസർമാരുടെ പ്രവർത്തനം വിലയിരുത്താൻ കമ്പ്യൂട്ടർ സംവിധാനം ഉപയോഗിക്കുന്നുണ്ട്.

(സി) കോർപ്പറേഷനിൽ ഇന്ന് നിലവിലുള്ള സംവിധാനം ഉപയോഗിച്ച് കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ടു വർഷമായി ഏതാണ്ട് 35 കോടിയോളം രൂപ ലോൺ റിക്കവറിയിൽ വർദ്ധന ഉണ്ടായിട്ടുണ്ട്. കൂടാതെ ഫീൽഡ് ഓഫീസർമാരുടെ ജോലികൾ നിരന്തരമായി നിരീക്ഷിച്ച് കൂടുതൽ വർദ്ധനവ് റിക്കവറിയിൽ വരുത്താൻ ഉദ്ദേശമുണ്ട്. വളരെ പഴകിയ ലോൺ അക്കൗണ്ടുകളിൽ തീർപ്പു കൽപ്പിക്കുവാൻ ത്വരിതവും സമയബന്ധിതവുമായ നടപടികൾ കൈക്കൊള്ളുന്നുണ്ട്. 31-3-2004 വരെയുള്ള കണക്കുകൾ പ്രകാരം 584 കോടി രൂപ കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടാനുണ്ട്.

(ഡി) നിലവിലുള്ള പരിമിതികൾ വച്ചുനോക്കുമ്പോൾ ഈ പ്രവർത്തനം പൊതുവെ ഫലപ്രദമാണെന്നാണ് ഗവൺമെന്റിന്റെ വിലയിരുത്തൽ.

LIBRARY ARCHIVES Kerala Legislative Assembly